"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.വി.സി.ജോസ്, വാണിയ പുരയിടം വീട്, അയർക്കുന്നം.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.429/2024/ID തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 05.04.2016 തീയതിയിലെ 2658/ഡിഒവൈ/എംഎൽ/2015 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.വി.സി.ജോസ്, വാണിയ പുരയിടം വീട്, അയർക്കുന്നം.പി.ഒ, കോട്ടയം 25.05.2016 തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
3. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 06.08.2016 തീയതിയിലെ 2098/ഡിഒവൈ/ഇഎം/2016 നമ്പർകത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ അയർക്കുന്നം വില്ലേജിൽ ബ്ലോക്ക് 34 റീ സർവ്വേ 89/1 ൽ പ്പെട്ട 13.40 ആർ പുരയിടത്തിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.വി.സി.ജോസ്, വാണിയ പുരയിടം വീട്, അയർക്കുന്നം.പി.ഒ, കോട്ടയം എന്ന വ്യക്തിക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകിയിരുന്നുവെങ്കിലും മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അനുമതി ലഭിച്ചതിനേക്കാൾ കൂടുതലായി 3337.7 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ടി ധാതുവിന്റെ റോയൽറ്റി, പിഴ ഇനത്തിൽ 1,38,508/- രൂപ ഒടുക്കുന്നതിനായി 11.05.2016 തീയതിയിൽ കോട്ടയം ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.വി.സി.ജോസ് 25.05.2016 തീയതിയിൽ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 30.04.2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, കോട്ടയം ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തന്റെ ഉടമസ്ഥതയിലുള്ള കോട്ടയം താലൂക്കിൽ അയർക്കുന്നം വില്ലേജിൽ ബ്ലോക്ക് 34 റീ സർവ്വേ നം. 89/1 ലുള്ള 13.40 ആർ പുരയിടത്തിൽ ഒരു ഭവനം നിർമ്മിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ടി വസ്തു മൂന്ന് തട്ടുകളായി തിരിച്ച് നിരപ്പാക്കി. പ്രസ്തുത ഭൂമിയിൽ കിണർ കുഴിച്ച് അതിൽ നിന്നും ലഭിക്കുന്ന വെള്ളം ഉപയോഗിച്ച് ടി പുരയിടത്തിൽ കൃഷി ചെയ്തിരിക്കുന്ന തെങ്ങ്,

പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങൾക്കും കപ്പ, ഇഞ്ചി, മഞ്ഞൾ, വാഴ, ചേമ്പ്, കാച്ചിൽ, പയർവർഗ്ഗങ്ങൾ മുതലായ നടുതല കൃഷികൾക്കും മറ്റും ഉപയോഗിച്ചു വരുന്നതുമാണ്.

മൈനിംഗ് & ജിയോളജി വകുപ്പിന്റെ നിബന്ധനകൾക്ക് മാത്രം വിധേയമായി മണ്ണ് നീക്കം ചെയ്ത അവസരത്തിൽ 26/11/2014 ൽ കുടിവെള്ള സംരക്ഷണ സമിതി എന്ന പേരിൽ സമീപവാസികൾ അല്ലാത്ത ചിലരുടെ നേതൃത്വത്തിൽ നിയമാനുസരണം നീക്കം ചെയ്യാൻ കൂട്ടി ഇട്ടിരുന്ന മണ്ണ് പൂർണ്ണമായി നീക്കം ചെയ്യാൻ അനുവദിക്കാതെയും മൈനിംഗ് & ജിയോളജി വകുപ്പിലും മറ്റും പരാതി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം തന്നെ അറിയിക്കാതെ 22/12/2024 ൽ നടത്തിയ സ്ഥല പരിശോധനയും, കൂടാതെ എത്ര അളവ് മണ്ണ് കൂടുതലായി നീക്കം ചെയ്തു എന്ന് ബോധ്യപ്പെടുത്താതെയും 15/12/2015 ലെ നോട്ടീസിലേയ്ക്കുള്ള മറുപടിയിൽ മണ്ണ് കൂടുതലായി നീക്കം ചെയ്തത് തന്റെയും അയർക്കുന്നം വില്ലേജ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ അളന്ന് വസ്തുത ബോധ്യപ്പെടുത്തണം എന്നുള്ള അപേക്ഷയെ മാനിക്കാതെയും കേവലം 13.40 ആർ പുരയിടത്തിൽ നിന്നും കൂടുതലായി മണ്ണ് നീക്കം ചെയ്തു എന്നാരോപിച്ച് റോയൽറ്റി ആയ 26,012 രൂപയ്ക്ക് കൂടുതലായി 1,38,508 രൂപ അടയ്ക്കുവാൻ നിർദ്ദേശിക്കുന്ന ഡിമാന്റ് നോട്ടീസ് തനിക്ക് കടുത്ത മാനസിക ക്ലേശങ്ങൾക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും ഇടയാക്കിയിട്ടുള്ളതാകുന്നു. അതിനാൽ ടി തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുകയോ അല്ലെങ്കിൽ തവണ വ്യവസ്ഥകളായി ഒടുക്കുന്നതിന് അനുമതി നൽകുകയോ ചെയ്യണം

4. അപ്പീൽ പെറ്റീഷൻ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചുവടെ ചേർക്കുംപ്രകാരം റിപ്പോർട്ട് ചെയ്തു.

കോട്ടയം താലൂക്കിൽ അയർക്കുന്നം വില്ലേജിൽ സർവ്വെ നം. 89/1 ൽ പ്പെട്ട വസ്തുവിൽ വീട് നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്ക് മണ്ണ് നീക്കം ചെയ്യുന്നതിന്, അയർക്കുന്നം ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുള്ള എ4-4304/14 തീയതി 19/8/2014 പ്രകാരമമുള്ള ബിൽഡിംഗ് പെർമിറ്റ് സഹിതം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്തു നിന്നും 650.3 ക്യൂബിക് മീറ്റർ മണ്ണ് ഖനനം ചെയ്തിട്ടുള്ളതായും ആയതിൽ 1000 മെ. ടൺ മണ്ണ് സ്ഥലത്ത് കൂട്ടിയിട്ടിട്ടുള്ളതായും ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് 650.3 ക്യൂബിക് മീറ്റർ മണ്ണിന് റോയൽറ്റി ഇനത്തിൽ 26,012/-രൂപ ഈടാക്കി 1000 മെ. ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് ടിയാന് 286/2014-15/2199/DOY/ML/2014 തീയതി 19/11/2014 പ്രകാരം അനുമതി നൽകുകയുണ്ടായി. എന്നാൽ 24/11/2024 തീയതിയിൽ കുടിവെള്ള സംരക്ഷണ സമിതി, ഇളപ്പാനി, അയർക്കുന്നം ജില്ലാ ഓഫീസിൽ ഒരു പരാതി സമർപ്പിക്കുകയും ടി പുരയിടത്തിൽ നിന്ന് രാത്രിയും പകലും മണ്ണ് കടത്തുന്നുവെന്നും, ടി പ്രദേശത്തുള്ള മൂന്ന് കുടിവെള്ള പദ്ധതികൾക്ക് ടി മണ്ണെടുപ്പ് ഭീഷണിയാകുമെന്നും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18/12/2014 തീയതി വീണ്ടും പുനപരിശോധന നടത്തുകയും സ്ഥലത്തു നിന്ന് രണ്ട് തട്ടുകളിൽ നിന്നായി ആകെ 3988.7

ക്യൂബിക് മീറ്റർ മണ്ണ് കൂടുതലായി നീക്കം ചെയ്തതിന് ടിയാന് 15/12/2015 തീയതി വിശദീകരണ നോട്ടീസ് നൽകിയെങ്കിലും ടിയാൻ പ്രതികരിക്കാൻ തയ്യാറായില്ല. ആയതിനാൽ 11/5/2016 തീയതി അധികമായി ഖനനം ചെയ്ത 3337.7 ക്യൂബിക് മീറ്ററിന് റോയൽറ്റിയും, പിഴയുമടക്കം 138508/- രൂപ ഒടുക്കുന്നതിലേയ്ക്ക് ടിയാന് ഡിമാന്റ് നോട്ടീസ് നൽകുകയുണ്ടായി.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജില്ലാ ഓഫീസിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ അനുമതി നൽകിയ അളവിന് പുറമേ 3337.7 ക്യൂബിക് മീറ്റർ മണ്ണ് അനധികൃതമായി നീക്കം ചെയ്തുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ അപ്പീൽ കക്ഷിയുടെ വാദത്തിൽ കഴമ്പില്ല. ഈ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക രണ്ട് തവണകളായി ഒടുക്കുന്നതിന് അപ്പീൽ കക്ഷിക്ക് അനുമതി നൽകിക്കൊണ്ടും പ്രസ്തുത തുക അപ്രകാരം അടിയന്തിരമായി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീ.വി.സി.ജോസ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ജോയിന്റ് സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.വി.സി.ജോസ്, വാണിയ പുരയിടം വീട്, അയർക്കുന്നം.പി.ഒ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 04-06-2024 15:13:18
സെക്ഷൻ ഓഫീസർ